പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 187 4-10-2011 ന് മറുപടിക്ക്

## പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു. റ്റി. തോമസ്:<br>ശ്രീമതി. ജമീലാ പ്രകാശം:<br>ശ്രീ. ജോസ് തെറ്റയിൽ:<br>" സി. കെ. നാണു: | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) വനംവകുപ്പിന്റെ കീഴിൽ പാട്ടക്കാലാവധി കഴിഞ്ഞ എത്ര തോട്ടങ്ങൾ ഉണ്ട്; | (എ) പാട്ടത്തിന് നൽകിയ വനഭൂമിയിലുള്ള തോട്ടങ്ങളുടെ പാട്ടക്കാലാവധി തീരുന്ന മുറയ്ക്ക് അവ വനം വകുപ്പ് ഏറ്റെടുത്തു വരികയാണ്. പാട്ടക്കാലാവധി കഴിഞ്ഞു ഏറ്റെടുക്കാത്ത വനഭൂമി ഇല്ല. |
| (ബി) പ്രസ്തുത തോട്ടങ്ങൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) പാട്ടക്കാലാവധി തീരുന്ന മുറയ്ക്ക് പാട്ടത്തിന് നൽകിയ വനഭൂമി ഏറ്റെടുക്കണമെന്നതാണ് പൊതുവായ നയം. |
| (സി) എങ്കിൽ അത് സംബന്ധിച്ച് സ്വീകരിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (സി) പാട്ടക്കാലാവധി കഴിയുന്ന മുറയ്ക്ക് തോട്ടങ്ങൾ പരിശോധിച്ച് ഏറ്റെടുക്കുകയാണ് ചെയ്തു വരുന്നത്. ടി തോട്ടങ്ങളിൽ സ്ഥിരം തൊഴിലാളികളായിരുന്നവർക്ക് തൊഴിലവസരം നൽകുവാനും ശ്രദ്ധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ